**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ **.6446**

21/11/2019 -ൽ മറുപടിയ്ക്ക്

**വെള്ളാരപ്പിള്ളി തെക്കേ കോവിലകത്തിന്റെ ഭൂമി ക്രയവിക്രയം**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.അൻവർ സാദത്ത്** | **ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) ആലുവ താലൂക്ക് കിഴക്കുംഭാഗം വില്ലേജിൽ ബ്ലോക്ക് 29-ൽ റീ സർവ്വേ 59 ൽപ്പെട്ട 5 ഏക്കർ 57 സെന്റ് സ്ഥലമുള്ള വെള്ളാരപ്പിള്ളി തെക്കേ കോവിലകം സംരക്ഷിത സ്മാരകം ആക്കുവാനുള്ള 19/1/17 ലെ 19/17/CAD സർക്കാർ ഉത്തരവിനുശേഷം ടി ഭൂമിയിൽ മറ്റു ക്രയവിക്രയങ്ങൾ രജിസ്ട്രേഷൻ വകുപ്പ് ചെയ്തു നൽകിയിട്ടുണ്ടോ എന്ന് അറിയിക്കുമോ; | (എ) പ്രസ്തുത വസ്തുവിൽ നിന്നും 40.50 ആർ വസ്തു ശ്രീമൂലനഗരം സബ് രജിസ്ട്രാർ ഓഫീസിലെ 874/18 നമ്പർ വിലയാധാരപ്രകാരം 12/04/2018 തിയ്യതിയിൽ കൈമാറ്റം ചെയ്യപ്പെട്ടിട്ടുണ്ട്. |
| (ബി) ഈ നടപടികൾ നിയമ വിരുദ്ധമാണെങ്കിൽ ക്രയവിക്രയ നടപടികൾ റദ്ദു ചെയ്യുവാനുള്ള നടപടികൾ സ്വീകരിക്കുമോ എന്ന് അറിയിക്കുമോ? | (ബി) 1908-ലെ രജിസ്ട്രേഷൻ ആക്ട് 83(എ) പ്രകാരം, ആൾമാറാട്ടത്തിലൂടെ രജിസ്റ്ററാക്കിയ ആധാരങ്ങളും , നടപടിക്രമങ്ങൾ പാലിക്കാതെ സർക്കാർ ഭൂമി കൈവശപ്പെടുത്തി രജിസ്റ്റർ ചെയ്ത ആധാരങ്ങളും റദ്ദാക്കുവാൻ മാത്രമേ രജിസ്ട്രേഷൻ വകുപ്പിന് അധികാരമുള്ളൂ . മറ്റ് രീതിയിൽ നിയമ വിരുദ്ധമായി രജിസ്റ്റർ ചെയ്തിട്ടുള്ള ആധാരങ്ങൾ റദ്ദു ചെയ്യുന്നതിന് ബഹു.കോടതികൾക്ക് മാത്രമാണ് അധികാരമുള്ളത് . |

**സെക്ഷൻ ഓഫീസർ**